INDIAN SOCIETY OF AUTHORS insa

ജനുവരി 2019
പുസ്തകം 6 ലക്കം 1

# നവനീതം

## സാംസ്കാരിക മാസിക




**കെ.ആർ. നാരായണൻ**

(04. 02. 1921 - 09 .11. 2005,
1997 മുതൽ 2002 വരെ ഇന്ത്യയുടെ പ്രസിഡന്റ്)



**ശിവദാസൻ.എ.കെ**
9745464899



# ഹർത്താൽ

നേരം വെളുത്തത് ഹർത്താലുമായാണ്.

രാത്രിയിലാണ് അത് പ്രഖ്യാപിക്കപ്പെട്ടത്.

രാവിലെ ഒൻപതു മണിയായപ്പോൾ റിയൽ എസ്റ്റേറ്റ് കച്ചവടക്കാരനായ തോമാച്ചേട്ടൻ തന്റെ പഴയ സ്കൂട്ടറിൽ ഷെവർലെ ക്ലബ്ബിലെത്തി.

സാധാരണ മുമ്പൻ കാറുകൾ നിരക്കാറുള്ള മുറ്റം അന്ന് എല്ലുന്തിയ ഇരുചക്രശകടങ്ങളെക്കൊണ്ട് അവലക്ഷണം പിടിച്ചു കിടന്നു.

ക്ലബ്ബിന്റെ കിച്ചൺ സൈഡിലേക്കൊന്ന് മണം പിടിച്ച് തോമാച്ചേട്ടൻ നടുത്തളത്തിലേക്ക് കയറി.

നീലച്ചായം പൂശിയ ചുമർ തടഞ്ഞു നിർത്തിയ കുറേ സുഗന്ധങ്ങൾ ഒത്തുചേർന്നയാളെ സ്വീകരിച്ചു.

"ദെവിട്യാന്റെ തോമാച്ചേട്ടാ ഹർത്താലായാലും നേരത്തെ വന്നൂടെ."

സ്റ്റോക്ക് ബ്രോക്കർ അന്തോണി തോമാച്ചേട്ടനെ ഒന്ന് സ്നേഹത്തോടെ ശാസിച്ചു.

സ്മിർനോഫ് വോഡ്കയിലേക്ക് അല്പം സ്പ്രൈറ്റും ഐസുമിട്ടതിന്റെ നുരപ്പ് ഒരിരിപ്പിന് തൊണ്ടയിലേക്കൊഴിച്ച് പന്നിമലത്തു തുടങ്ങും മുമ്പേ തോമാച്ചേട്ടൻ വിളിച്ചു പറഞ്ഞു.

"ടി.വി ഒന്ന് വെക്കടാ ലൂയിസേ. ഹർത്താല് വിശേഷം എന്താന്നറിയാലോ."


വാർത്താചാനലിലെ ചുവന്ന സാരിയുടുത്ത അവതാരിക അപ്പോൾ ചെറുചിരിയോടെ പറയാൻ തുടങ്ങി.

"കേരളത്തിൽ ഹർത്താൽ പുരോഗമിക്കുന്നു. കാര്യമായ അനിഷ്ടസംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്യാത്തതിനാൽ ഹർത്താൽ സമാധാനപരമാണ്. കൂടുതൽ വിവരങ്ങൾക്കായി മലബാറിൽ നിന്നും ഞങ്ങളുടെ റിപ്പോർട്ടർ മനു ലൈനിലുണ്ട്. മനു, എന്തൊക്കെയാണ് മലബാറിലെ വിശേഷങ്ങൾ?'

ടി.വി. സ്ക്രീനിൽ അവതാരിക മറയുകയും ഒരു ചെറുപ്പക്കാരൻ പ്രത്യക്ഷപ്പെടുകയും ചെയ്തു. അയാൾക്ക് പിന്നിൽ തെരുവ് ഒരു ഏകാംഗനാടകത്തിലെ രംഗപടം പോലെ മനുഷ്യശൂന്യമായി കിടക്കുന്നുണ്ടായിരുന്നു.

ചെറുപ്പക്കാരൻ മൈക്രോഫോണുയർത്തി പറയാൻ തുടങ്ങി.

"സൗമ്യ, ഞാനിപ്പോൾ നിൽക്കുന്നത് കോഴിക്കോട് നഗരത്തിലാണ്. നിങ്ങൾ സ്ക്രീനിൽ കാണുന്നത് പോലെ ഈ തെരുവ് ഇപ്പോൾ ശൂന്യമാണ്. കടകമ്പോളങ്ങൾ പൂർണ്ണമായും അടഞ്ഞു കിടക്കുന്നു. ഏതാനും സ്വകാര്യവാഹനങ്ങളൊഴിച്ച് മറ്റൊന്നും തന്നെ നിരത്തിലില്ല. അല്പം മുമ്പ് പോലീസ് സഹായത്തോടെ സർവ്വീസ് നട



ത്താൻ ശ്രമിച്ച ഒരു കെ.എസ്. ആർ.ടി.സി ബസ്സിന് ഏതാനും പേർ കല്ലെറിഞ്ഞതൊഴിച്ചാൽ കാര്യമായ അനിഷ്ടസംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ഹർത്താൽ പൊതുവേ സമാധാനപരമാണ്. കല്ലേറിൽ പരിക്കു പറ്റിയ ഒരു പെൺകുട്ടിയെ പോലീസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്."

ഈ സമയത്ത് കോഴിക്കോട് മെഡിക്കൽകോളേജിലെ അത്യാഹിത മുറിയിൽ ഒരു മൂലയിലിട്ട തുരുമ്പു പിടിച്ച സ്ട്രച്ചറിൽ ഇടം കണ്ണ് പൊത്തിപ്പിടിച്ച് ഭാഗ്യലക്ഷ്മി കിടക്കുകയായിരുന്നു. തിരിച്ചറിയാനാവാത്ത ഭാവഭേദങ്ങളുമായി അവളുടെ സഹോദരൻ അർജ്ജുനനും തൊട്ടടുത്ത് തന്നെയുണ്ട്.

"ഒന്നും പറ്റീണ്ടാവില്ല്യാലേ . നീറുന്ന വേദനക്കിടയിലും ഭാഗ്യലക്ഷ്മി സഹോദരനോട് ചോദിച്ചു."

"വല്ല്യ കുഴപ്പോല്ലെങ്കി എന്തായാലും പോണം. കണ്ണൊന്ന് കഴുകിക്കെട്ട്യാ മതി. ഒരു കണ്ണോണ്ടായാലും പരീക്ഷയെഴുതാല്ലോ. ഡോക്ടറോട് പറഞ്ഞില്ലെ."

മറുപടിയില്ലാതെ അർജ്ജുനൻ പുറത്തേക്ക് നോക്കി. ഒരു താങ്ങുമില്ലാതെ അത് നീലാകാശം വരെ നീണ്ടു.

അപ്പോൾ ഭാഗ്യലക്ഷ്മിയുടെ ഉള്ളിൽ മറ്റൊരു ഭാഗ്യലക്ഷ്മി തെളിഞ്ഞു. പോലീസ് .യൂണിഫോമിൽ ആവേശം സ്ഫുരിക്കുന്ന മുഖഭാവവുമായി അവൾ ഭാഗ്യലക്ഷ്മിയെ നോക്കി ചിരിച്ചു.

വനിതാപോലീസാകുകയെന്നത് അവളുടെ ചിരകാല അഭിലാഷമായിരുന്നു. ഓർമ്മയിലേക്ക് ആദ്യമായി കയറിപ്പിടിച്ച ഒരു അധികാരസ്ഥാനം . മങ്ങിയ ഓർമ്മയിലെവിടേയോ ഓലകുത്തിമറിച്ച ഒരു ഒറ്റമുറിപ്പുരയിലെ തൊട്ടിലിൽ ഉറങ്ങിക്കിടക്കുന്നൊരു പിഞ്ചുകുഞ്ഞായി അപ്പോളവൾ. ആ ചുണ്ടിലേക്ക് ഒരു ചോരത്തുള്ളി തെറിച്ചുവീഴുന്നു.

ചുണ്ടിൽ വീണതെല്ലാം മുലപ്പാലെന്ന് കരുതി ആർത്തിയോടെ നുണയവെ നിർബന്ധിച്ച് മുലകുടി നിർത്തിച്ചൊരു മൂന്നുവയസ്സുകാരി ചോരയുടെ ചുവയോട് പിണങ്ങി കരയാൻ തുടങ്ങുന്നു.

ആരുടേയോ കൈ പിടിച്ച് അമ്മയോട് പിണങ്ങി നിൽക്കെ പരിചിതരല്ലാത്ത കാക്കിവേഷക്കാരോടൊപ്പം അവർ നടന്നു മറയുന്നതവൾ കണ്ടു.

പിന്നീട് പലപ്പോഴും അവളച്ഛനോടും ചേട്ടനോടുമൊപ്പം ഒരു വലിയ കെട്ടിടത്തിലേക്ക് പോയി. അത് കോടതിയാണെന്നോ , അമ്മയെ അവിടെ വിചാരണക്ക് കൊണ്ടുവരുന്നതാണെന്നോ അവൾക്കറിയില്ലായിരുന്നു. അവൾ കാണുമ്പോൾ അമ്മക്കിരുവശത്തും രണ്ടുപേരുണ്ടായിരുന്നു. രണ്ട് വനിതാപോലീസുകാർ.

നീണ്ട കാത്തിരിപ്പിനൊടുവിൽ അമ്മയവളെ വാരിയെടുക്കുന്ന ഇത്തിരിനേരം ആ പോലീസുകാർ അവൾക്ക് ഒരു മിഠായിയോ മറ്റോ നൽകിയെന്നിരിക്കും. അങ്ങനെയാണ് ഭാഗ്യലക്ഷ്മിക്ക് വനിതാപോലീസിനെ ഇഷ്ടമായത്. ഒരു വൈകുന്നേരം മൂക്കറ്റം കുടിച്ചു തളർന്ന അച്ഛനെ വീട്ടിലെത്തിക്കാൻ വന്ന സുഹൃത്ത് അയാളുടെ ഭാര്യയുടെ നേരെ തിരിഞ്ഞപ്പോൾ സ്വയം രക്ഷിക്കാൻ വേണ്ടിയായിരുന്നു അമ്മ അയാളെ വെട്ടിവീഴ്ത്തിയത് എന്ന് തിരിച്ചറിയും മുമ്പേ അവളൊരു തീരുമാനമെടുത്തിരുന്നു. വലുതായാൽ ഒരു പോലീസാകണമെന്ന്.

കണ്ണുപരിശോധനക്കിടയിൽ അവൾ ഡോക്ടറോടും അത് പറയാൻ ശ്രമിച്ചിരുന്നു. വനിതാ പോലീസിനുള്ള പി.എസ്.സി പരീക്ഷയായിരുന്നു അന്ന്.

സംവരണക്കാർക്കുള്ള പ്രത്യേക പരിക്ഷയിൽ ആളു കുറവായതിനാലാകണം അത് മാറ്റിവെക്കപ്പെട്ടില്ല. അവൾക്ക് അന്നുച്ചക്ക് വടകരയിൽ എത്തേണ്ടിയിരുന്നു. കാലത്തേ ഇറങ്ങി. ഹർത്താലിന്റെ

കണ്ണു വെട്ടിച്ച് അതിവേഗത്തിൽ പോകാൻ തുനിഞ്ഞിറങ്ങിയ ഒരു മീൻ വണ്ടിയിൽ കയറി കോഴിക്കോട്ടെത്തി.

അടുത്ത മാർഗ്ഗം തേടി നിൽക്കുമ്പോഴാണ് ആ കെ.എസ്.ആർ.ടി.സി.ബസ്സ് കണ്ടത്.

ഭാഗ്യലക്ഷ്മിയുടെ ബോധം മങ്ങിമങ്ങിപ്പോകെ ചുമരിൽ ചാരി നിന്ന അർജ്ജുനനോട് ഡോക്ടർ പറഞ്ഞു.

"കണ്ണിന് എന്തായാലും ഒരു ഓപ്പറേഷൻ അടിയന്തിരമായി വേണം. കാഴ്ച തിരിച്ചുകിട്ടാൻ നിലവിൽ സാദ്ധ്യത കാണുന്നില്ല. അത്ര ഗുരുതരമാണ് പരിക്ക്."

അപ്പോൾ ഷെവർലെ ക്ലബ്ബിൽ മൂന്ന് റൗണ്ട് പന്നിമലത്ത് കഴിഞ്ഞിരുന്നു. അടുക്കളയിൽ നിന്ന് മൊരിഞ്ഞിറങ്ങിയ മണം പിടിച്ച് കരാറുകാരൻ ബാലൻ പറഞ്ഞു.

"ലൂയിസേ ഇന്ന് പോർക്കാണോ ഹർത്താൽ സ്പെഷ്യല്.'

അടുക്കള വാതിലിൽ ലൂയിസിന്റെ തല പ്രത്യക്ഷപ്പെട്ടു.

"ഒരു സ്പെഷ്യലില്ലാണ്ട് എങ്ങന്യാ ചേട്ടാ. ഒരർത്താല് കിട്ട്യാലല്ലേ എല്ലാരേം ഇങ്ങനെ ഒന്നിച്ചു കിട്ടൂ."

ആദ്യ കുപ്പി സ്മിർനോഫിന്റെ അവസാനത്തെ തുള്ളിയും സ്പ്രൈറ്റിൽ കുതിർന്നു തീർന്നു. രണ്ടാമത്തെ കുപ്പിയെടുക്കേ തോമാച്ചൻ ലൂയിസിനോടു വിളിച്ചു പറഞ്ഞു.

"സ്പ്രൈറ്റ് തീർന്നെങ്കീ ലൂയിസേ, ചെറുനാരങ്ങേം പച്ചമുളകുമെടുത്തോ."

അപ്പോൾ ആരോ മാറ്റിയ ഒരു ചാനലിൽ മധ്യകേരളത്തിലെ ഹർത്താൽ വിശേഷവുമായി മറ്റൊരു യുവാവ് പ്രത്യക്ഷപ്പെട്ടു.

"ഞാനിപ്പോൾ തൃശ്ശൂർ നഗരത്തിലെ സ്വരാജ് റൗണ്ടിലാണ്. തടസ്സങ്ങളൊന്നും കൂടാതെ ഹർത്താൽ പുരോഗമിക്കുകയാണ്. കടകമ്പോളങ്ങൾ അടഞ്ഞു കിടക്കുന്നു. ചുരുക്കം ചില ഓട്ടോറിക്ഷകൾ നിരത്തിലുണ്ടായെങ്കിലും ഹർത്താനലുകൂലികൾ തടഞ്ഞതിനെ തുടർന്ന് അവരൊന്നും ഓടുന്നില്ല. കാര്യമായ അനിഷ്ടസംഭവങ്ങൾ റിപ്പോർട്ട് ചെയ്യാത്തതിനാൽ ഹർത്താൽ പൊതുവേ സമാധാനപരമാണ്."

ഇതേ സമയം തൃശ്ശൂർ മുളങ്കുന്നത്തുകാവിലുള്ള മെഡിക്കൽ കോളേജിൽ, സ്ത്രീകളുടെ വാർഡിൽ തന്റെ വല്യമ്മക്ക് കൂട്ടിരിപ്പായ ജയന്തി ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു.

കട്ടിലിൽ കിടന്ന് ദീർഘമായി ശ്വാസം വലിക്കുന്ന രോഗിയെ നോക്കി അവൾ ചന്ദ്രികക്ക് ഫോൺ ചെയ്തു.

"ചേച്ച്യേ. ഒന്ന് വേഗം വരൂട്ടാ. തങ്കമണി വല്യമ്മക്ക് വലിവ് നിമിഷം വെച്ച് കൂടാണ്. ഇത്തിരി കൂടുതലാന്ന് പറഞ്ഞ് നഴ്സ് വന്നു പോയി."

ഇതു കേൾക്കെ ദൂരെ വീട്ടിൽ നിന്ന് ചന്ദ്രിക എരിപൊരി സഞ്ചാരം കൊണ്ടു.

ഇപ്പ്ളോ എങ്ങനെ പോവ്വാനാണ്.

ചന്ദ്രികയും അമ്മയും ഒറ്റക്കാണ്. ഇന്നലെ വൈകീട്ട് ജയന്തിയെ അമ്മക്ക് കൂട്ടിരുത്തി അവൾ പോന്നതാണ്. ഇന്ന് ഹർത്താലെന്നറിയാതെ.

ചന്ദ്രികയുടെ കെട്ടിച്ചു വിട്ട പെൺമക്കൾ ദൂരെയാണ്. ആരുടേയെങ്കിലും വണ്ടിയിൽ പോകാമെന്ന് വച്ചാൽ ആര് കൊണ്ടുപോകാനാണ്.


പരിചയമുള്ള ചില ഓട്ടോറിക്ഷക്കാരോട് ചോദിച്ചതാണ്.

"ഇപ്പ്ളോ അമ്മക്ക് ഇത്തിരി വലിവ് കൂടീട്ടല്ലേ അല്ലേ ഉള്ളൂ. അത് ആദ്യായിട്ടൊന്നും അല്ലാല്ലോ. അതൊന്നും പേടിക്കണ്ടാന്നേ. പിന്നെ ഇന്നെങ്ങനെ ഓട്ടോറിക്ഷയെറക്കാനാ. എറക്ക്യാ അപ്പ തടുക്കൂല്ലേ."

ഓരോരുത്തർക്കും ഒഴിഞ്ഞുമാറാൻ ഓരോ കാരണങ്ങളാണ്.

ജയന്തിയുടെ ഓരോ വിളികളിലും ചന്ദ്രിക നീറി. അങ്ങനെയാണ് രണ്ടും കൽപ്പിച്ചിറങ്ങി നടന്നത്. അകാലത്തിൽ വന്ന ഒരു ഇരുചക്രവാഹനം കുറച്ചു ദൂരം കയറ്റി ഇറക്കി വിട്ടു. പിന്നെയും നടപ്പു തുടർന്നു. ഓരോ തവണയും സ്പർശ്യഗ്രാഹ്യമല്ലാത്ത കൊച്ചു മൊബൈൽ ഫോണിലേക്ക് വിളി വരുമ്പോൾ ചന്ദ്രിക പതറി.

ജയന്തി പറഞ്ഞു. "വലിവിനെടേലും വല്യമ്മ ചോദിക്കാ ഇനീപ്പോ



അവളെ കാണാണ്ട് മരിക്കേണ്ടി വരോന്ന്."

ചന്ദ്രികയുടെ മനസ്സിൽ അമ്മയുടെ മുഖം തെളിഞ്ഞു.

ഒരു പക്ഷേ തന്നെയൊന്ന് കണ്ടാൽ മതി അമ്മയ്ക്ക്. ദെണ്ണം കുറഞ്ഞേക്കും.

ചന്ദ്രികയുടെ മുന്നിൽ വഴി ചവിട്ടിത്തള്ളിയാലും തീരാത്ത കനൽക്കൂടു പോലെ നീണ്ടു. മൗനം പൊടിപിടിച്ചു കിടന്ന തെരുവുതിണ്ണയിൽ നിന്ന് വാലാട്ടിയുയർന്ന ഒരു നായ്ക്കുട്ടി മാത്രം അവളെ അനുഗമിച്ചു.

അന്നുച്ചക്ക് രണ്ടുമണിക്കാണ് തങ്കമണി മരിച്ചത്. അപ്പോൾ ചന്ദ്രിക തൃശ്ശൂര് നിന്നും മെഡിക്കൽകോളേജിലേക്ക് നടന്നു തീർന്നിട്ടില്ലായിരുന്നു.

ഷെവർലെ ക്ലബ്ബിൽ സമൃദ്ധമായ ഉച്ചയൂണിന്റെ ആലസ്യത്തിലായിരുന്നു അംഗങ്ങൾ.

ടെലിവിഷൻ ചാനലിൽ ഹർത്താലനുകൂലികളായ നേതാക്കളുടേതായ അവകാശവാദങ്ങൾ ട്രോളുകളായി വന്നു തുടങ്ങി.

ടിവിക്കകത്ത് വാർത്താവായനക്കാരന്റെ പുരുഷസ്വരം മുഴങ്ങി.

"ഇന്ന് നടന്ന ഹർത്താൽ ജനങ്ങൾ ഏറ്റെടുത്തു കഴിഞ്ഞതായി നേതാക്കൾ അറിയിച്ചു. സംസ്ഥാനത്തെ ജനജീവിതം സ്തംഭിച്ചുവോ ഇല്ലയോ എന്ന വിഷയത്തിൽ നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ അറിയിക്കാവുന്നതാണ്. സർവ്വേ ഫലം ഇന്നു വൈകീട്ടത്തെ എട്ടുമണി വാർത്തയിൽ പ്രത്യേകം ചർച്ച ചെയ്യുന്നു. ചർച്ചയിൽ ഞങ്ങളുടെ തിരുവനന്തപുരം സ്റ്റുഡിയോയിലേക്ക് പ്രധാന കക്ഷി നേതാക്കളെ പ്രതീക്ഷിക്കുന്നു. പ്രേക്ഷകർക്കും പങ്കെടുക്കാവുന്നതാണ്. ഇപ്പോൾ തെക്കൻ ജില്ലകളിലെ വിശേഷങ്ങൾ അറിയിക്കാൻ ഞങ്ങളുടെ തിരുവനന്തപുരം റിപ്പോർട്ടർ ചേരുന്നു."

അപ്പോൾ ദൂരെ കിളിമാനൂരിലെ ഒരു കല്യാണ വീടിന്റെ മുറ്റത്ത് മൂടിക്കെട്ടിയ മുഖഭാവവുമായി തിരുവിളാകത്ത് രാമൻ നായർ എന്ന ഗൃഹനാഥൻ ഇരിപ്പുറക്കാതെ നടക്കുകയായിരുന്നു. അയാളുടെ ഏകമകൾ അഞ്ജനയുടെ വിവാഹമായിരുന്നു അന്ന്.

മൗനത്തിലായിരുന്നു വിവാഹവീട്. കല്യാണപന്തലിനും മീതെ കത്തിനിന്ന ഉച്ചവെയിലിന്റെ പന്തൽ ആറാതെ നിന്നു. അകത്ത് വാടിയ മുല്ലപ്പൂവിന്റെ മണവുമായി അഞ്ജനയുണ്ട്. പന്തലിലെ കലവറയിൽ മൂടിയ ഇലകൾക്കിടയിൽ അഞ്ഞൂറുപേർക്കുള്ള സദ്യ വാടി കുഴഞ്ഞിരുന്നു.

ചെറുക്കനും പാർട്ടീം വരാതെ ങ്ങനെയാണ് സദ്യ കഴിക്കുക.

മുഹൂർത്തം പതിനൊന്നേ മുപ്പതിനും പന്ത്രണ്ടേ മുപ്പതിനും മദ്ധ്യേ ആയിരുന്നു. കളിയിക്കാവിളയിൽ നിന്നും ഹർത്താലായതിനാൽ നേരത്തെ പുറപ്പെട്ടെങ്കിലും ചെറുക്കനും കൂട്ടരും ഇതു വരെ എത്തിയിട്ടില്ല.

ഹർത്താലിനെ എങ്ങനെയാണ് അതിജീവിക്കുക എന്ന് അറിഞ്ഞപ്പോൾ തന്നെ ആശങ്കകളായിരുന്നു. പക്ഷേ പലരും പറഞ്ഞു. വിവാഹപാർട്ടിയെ ഒഴിവാക്കിയിട്ടല്ലേ ഹർത്താൽ.

അതേ, അങ്ങനെ തന്നെയാണ് കരുതിയത്. വഴി നീളെ നടക്കുന്ന പ്രകടനങ്ങളെയും തടയലുകളെയും അതിജീവിച്ച് ചെറുക്കൻ പാർട്ടി ഇതു വരെ എത്തിയില്ലെന്ന് മാത്രം.

കല്യാണത്തിന് വന്നതിൽ ചുരുക്കം പേരൊഴിച്ച് ബാക്കിയുള്ളവർ ഉള്ളനേരത്തേ യാത്ര പറഞ്ഞ് പിരിഞ്ഞിരുന്നു. ഹർത്താലല്ലേ.

പലരുടേയും കൈയ്യിലുള്ള മൊബൈൽഫോണുകൾ മാത്രമേ സംസാരിക്കുന്നുള്ളു.

ഇപ്പോൾ എവിടെത്തി.

ഭാഗ്യം കഴക്കൂട്ടം കഴിഞ്ഞിരിക്കുന്നു.

"മുഹൂർത്തം കഴിഞ്ഞല്ലോ. രാമൻ നായർ പല തവണ ആവർത്തിച്ച ആവലാതി ആരോടെന്നില്ലാതെ പറഞ്ഞു."

"അതു നോക്കണ്ട ചേട്ടാ. കല്യാണം, മാറ്റി വെക്കാൻ പറ്റ്വോ."

രാമൻ നായരുടെ ഏകമകളായിരുന്നു അഞ്ജന. അവൾ കണ്ണിനു മുന്നിൽ വളരാൻ തുടങ്ങിയ ഇരുപത്തൊന്നു വർഷവും അയാൾ മനസ്സിൽ കണ്ട സുവർണ്ണ ദിനമായിരുന്നു അന്ന്.

ഷെവർലെ ക്ലബ്ബിലെ അംഗങ്ങൾ പിരിയാൻ തുടങ്ങി.

ആടിയാടിയെണീറ്റ് തോമാച്ചേട്ടൻ ആരോടെന്നില്ലാതെ പറഞ്ഞു.

"ഹർത്താലായോണ്ട് ചെക്കിംഗുണ്ടാവില്ല. ഇനിയിപ്പോ അടുത്ത അർത്താലിന്. എല്ലാവർക്കും ഗുഡ്ബൈ."

അടുക്കളയിൽ നിന്ന് ടിപ്പു കിട്ടിയ നോട്ടുകൾ എണ്ണിത്തിട്ടപ്പെടുത്തുന്നതിനിടെ ലൂയിസ് വെറുതേ കൈ വീശിക്കാണിച്ചു.

അപ്പോഴാണ് കല്യാണ പന്തലിനു മുന്നിൽ രാമൻനായർ വെട്ടിയിട്ട മരം പോലെ വീണത്. അയാളുടെ കണ്ണുകൾ പുറത്തേക്കു തുറിച്ചു നിന്നു. ചുണ്ട് ഒരു വശത്തേക്ക് കോടി അതിലൂടെ ഉമിനീര് പുറത്തേക്കൊഴുകി. ഇതേ സമയം കളിയിക്കാവിളയിൽ നിന്നും കിളിമാനൂരിലേക്കുള്ള മാർഗ്ഗമദ്ധ്യേ പതിനേഴ് വഴിതടയലുകളെ അതിജീവിച്ച് വരൻ സുകുമാരനടങ്ങുന്ന സംഘം കല്യാണ വീടിന്റെ നൂറു മീറ്റർ അടുത്തെത്തിയിരുന്നു.

"തെക്കൻ ജില്ലകളിൽ ഹർത്താൽ സമാധാനപരമായി പുരോഗമിക്കുന്നു. ഏതാനും കല്യാണവണ്ടികൾ ഹർത്താലനുകൂലികൾ തടഞ്ഞിട്ടതൊഴിച്ചാൽ കാര്യമായ അനിഷ്ട സംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ഹർത്താൽ പൊതുവേ സമാധാനപരമാണ് . തിരുവനന്തപുരം കറസ്പോണ്ടന്റ് തുടർന്നുകൊണ്ടേയിരുന്നു." ●